ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




**പുസ്തകം : 7** **ലക്കം 1**

**സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ആഷാഢം - ശ്രാവണം**

**1193 മിഥുനം - കർക്കിടകം 2018 ജൂലൈ**

**വാർഷിക വരിസംഖ്യ: ₹100/-** **ദീർഘകാലം: ₹1500/-**



## ബാല ഗംഗാധര തിലക് (1856-1920)

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ</u>**

- ജൂലൈ 6 : ഡോ. ശ്യാമപ്രസാദ് മുഖർജി ജന്മദിനം
- ജൂലൈ 19 : മംഗൾപാണ്ഡെ ജന്മദിനം
- ജൂലൈ 21 : ആചാര്യആര്യഭാസ്കർജി നിർവ്വാണദിനം
- ജൂലൈ 23 : ബാല ഗംഗാധര തിലക്, ചന്ദ്രശേഖർ ആസാദ് എന്നിവരുടെ ജന്മദിനം
- ജൂലൈ 31 : ഷഹീദ് ഉദ്ധം സിംഗ് രക്തസാക്ഷിദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 8**



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**വയം ശൂരേഭിരസ്തൃഭിരിന്ദ്ര ത്വയാ യുജാ വയമ്।**
**സാസഹ്യാമ പൃതന്യതഃ॥ (ഋഗ്വേദം 1.8.4)**

**പദാർത്ഥം:** അല്ലയോ (ഇന്ദ്ര) യുദ്ധത്തിൽ ഉത്സാഹം നൽകുന്ന പരമേശ്വരാ! (ത്വയാ) അങ്ങയെ അന്തര്യാമിയായ ഇഷ്ടദേവനായി കണക്കാക്കി അങ്ങയുടെ കൃപയാൽ ധർമ്മയുക്തവ്യവഹാരങ്ങളാൽ ഞാനെന്റെ സാമർത്ഥ്യത്താൽ (യുജാ) യോഗം ചെയ്യുന്ന യോഗത്തെ (വയം) യുദ്ധം ചെയ്യുന്ന ഞങ്ങൾ (അസ്തൃഭിഃ) എല്ലാ ശസ്ത്രങ്ങളേയും പ്രയോഗിക്കാൻ ചതുരനായ (ശൂരൈഭിഃ) ഉത്തമൻമാരിൽ ഉത്തമൻമാരായ ശൂരവീരന്മാരുമൊത്ത് (പൃതന്യതഃ) സേന തുടങ്ങിയ ശക്തികളാൽ യുക്തരായിത്തീർന്ന് യുദ്ധം ചെയ്യുന്ന ശത്രുക്കളെ (സാസഹ്യം) വീണ്ടും വീണ്ടും നിർബ്ബലരാക്കി ഇപ്രകാരം ശത്രുക്കളെ ജയിച്ച് ന്യായത്തോടൊപ്പം ചക്രവർത്തി രാജ്യത്തെ പരിപാലിച്ചാലും.

**ഭാവാർത്ഥം:** ശൂരത രണ്ടു തരത്തിലുണ്ട്. ഒന്നു ശരീരപുഷ്ടിയും രണ്ടാമത്തേത് വിദ്യ, ധർമ്മം എന്നിവയാൽ സംയുക്തമായ ആത്മാവിന്റെ പുഷ്ടിയും. ഇവ രണ്ടിലും പരമേശ്വരന്റെ രചനാക്രമത്തേ അറിഞ്ഞ് ന്യായം, ധൈര്യം, ഉത്തമസ്വഭാവം, കർത്തവ്യം എന്നിവയാൽ ഉത്തമോത്തമ ഗുണങ്ങളോടെ സഭാപ്രവർത്തനത്തോടെ രാജ്യത്തിന്റെ പാലനവും ദുഷ്ടശത്രുക്കളുടെ സദാ നിരോധവും അവരെ പേടിപ്പിച്ചുനിർത്തുകയും സദാ ചെയ്യണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 7** **ലക്കം 1**

**സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ജ്യേഷ്ഠം - ആഷാഢം**
**1193 എടവം - മിഥുനം 2018 ജൂലൈ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവസങ്കൽപ്പം

(തുടർച്ച)



ശങ്കരന്റെ കഴുത്തിൽ സർപ്പമാലയുമുണ്ട്. ഈ ദൃശ്യവും ഹിമാലയത്തേ നോക്കുമ്പോൾ കാണാവുന്നതാണ്. ഹിമശൃംഗങ്ങൾ മേഘങ്ങളുടെ വലയത്തിൽപെടുമ്പോൾ അത് ശിവരൂപമായ ഹിമാലയത്തിന്റെ കഴുത്തിലെ മാലയായി തോന്നുന്നു. വേദത്തിൽ മേഘത്തിന് 'അഹി' എന്ന ശബ്ദം പ്രയോഗിച്ചിട്ടുണ്ട്. ലൗകിക സംസ്കൃതത്തിൽ ഇത് സർപ്പത്തിന്റെ പര്യായവാചിയാണ്. അതായത് ഇതിനെ സർപ്പമായി സങ്കൽപ്പിക്കുന്നു. വളരെ പെട്ടെന്ന് ആകാരം മാറുന്നതിനാൽ ഇതിന് ചലനസ്വഭാവമുണ്ട്. ഇതുതന്നെയാണ് സർപ്പശീലത.

ശങ്കരന്റെ പത്നി പാർവ്വതിയാ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ണെന്ന് പ്രസിദ്ധമാണ്. പർവ്വതത്തിൽനിന്നുല്പന്നമാവുന്ന വനസ്പതിയെന്നും പാർവ്വതി എന്നതിനർത്ഥമുണ്ട്. ഹിമാലയത്തിന്റെ പശ്ചാത്തലത്തിൽ ഇതിന്റെ വ്യക്തതവരാൻ ശങ്കരന്റെ മടിയിലിരിക്കുന്ന പാർവ്വതിയുടെ മധ്യകാലീന ചിത്രങ്ങളൊന്നു പരിശോധിക്കാം. നാം കേവലം മാനവീയ ദൃഷ്ടിയിലൂടെ പത്നി പതിയുടെ മടിയിലിരിക്കുന്ന രൂപത്തിലുള്ള ഈ ചിത്രത്തെ നോക്കിക്കണ്ടാൽ ശരിയായിരിക്കില്ല. ഹിമാലയത്തിൽ പടർന്നുകിടക്കുന്ന വനസ്പതിയുമായി ഇതിനെ താരതമ്യം ചെയ്താൽ കാര്യം വ്യക്തമാവും. പണ്ഡിറ്റ് രഘുനന്ദൻ ശർമ്മയുടെ വൈദിക സമ്പത്ത് എന്ന ഗ്രന്ഥത്തിൽ ഇത്തരത്തിൽ ഒരു പരാമർശം കാണാം. “ഹിമാലയ രൂപിയായ ശങ്കരന്റെ മടിയിൽ വനസ്പതിരൂപത്തിലുള്ള പാർവ്വതിയെ കാണുന്നു”.

ശിവനെ അജര-അമരനെന്നുപറയുന്നുണ്ട്. ഏറ്റവും ചുരുങ്ങിയത് മാനവ ജാതിക്കെങ്കിലും ഹിമാലയവും ആ ഗണത്തിൽവരുന്നുണ്ട്. അതിന്റെ ഉന്നതവും വിശാലവുമായ ഭാഗങ്ങൾ കണ്ട് നാം ആശ്ചര്യപ്പെട്ടുപോകും. ‘വൈദിക സമ്പത്ത്’ എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെപ്പറ്റി ഇങ്ങനെ പറയുന്നു. “ഒരു പർവ്വതം എത്രകണ്ടു ഉയരമുള്ളതാകുന്നുവോ അതിന്റ അഗ്നിപ്രപാതത്തിന്റെ ശക്തിയും അത്രകണ്ടു ബലമുള്ളതായിത്തീരുന്നു. ഹിമാലയം വളരെ വിശാലവും ഉന്നതവുമാണ്. അതിനാൽ അതിനെ ഉണ്ടാക്കിയ ശക്തിയും അതിശക്തമാണ്. ഇത്രയും വലിയ ശക്തി സഞ്ചിതരൂപത്തിൽ അപ്പോൾ മാത്രമെ ലഭിക്കുകയുള്ളു. അതൊരിക്കലും നശിക്കാത്തതാണ്. സൃഷ്ടിയുടെ ആദിയിൽമാത്രമെ ഇത്തരത്തിലുള്ള ശക്തി കിട്ടുകയുള്ളു. ഇതിൽനിന്നും അനുമാനിക്കാവുന്നത് ഭൂമിയിലെ ഏറ്റവും ഉന്നതമായ ഹിമാലയമാണ് ആദ്യമുണ്ടായത്”

ഹിമാലയം മംഗളകാരിയായതിനാൽ അത് ശങ്കരനാണ്. അനേകം നദികൾ ഹിമാലയത്തിൽനിന്നുൽഭവിച്ച് ജീവജാലങ്ങൾക്ക് ആശ്രയമരുളുന്നതിനാൽ അത് പ്രജാപതിയുമാണ്.

**(തുടരും)**

**പത്രാധിപർ**



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

**അസ്യായമഭിപ്രായഃ** – യഥാപ്തോപദേശസ്യ പ്രാമാണ്യം ഭവതി, തഥാ സർവ്വഥാപ്തേനേശ്വരേണോക്താനാം വേദാനം സർവ്വേരാപ്തൈഃ പ്രാമാണ്യേനാങ്ഗീകൃതത്വാദ് വേദഃ പ്രമാണമിതിബോദ്ധ്യമ്। അത ഈശ്വരവിദ്യാമയത്വാദ് വേദാനാം നിത്യത്വമേവോപപന്നം ഭവതീതി ദിക്।

**ഭാഷാർത്ഥം:** അതേപോലെ ന്യായശാസ്ത്രത്തിൽ ഗൗതമമുനിയും ശബ്ദത്തെ നിത്യമെന്നു പറയുന്നുണ്ട് (മന്ത്രായു) വേദങ്ങളെ നിത്യമായി കണക്കാക്കണം. എന്തെന്നാൽ സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നേവരേക്കും ബ്രഹ്മാദികളായ എല്ലാ ആപ്തപുരുഷന്മാരും വേദങ്ങളെ നിത്യമായാണ് അംഗീകരിച്ചിരിക്കുന്നത്. ആ ആപ്തന്മാരെ പ്രമാണമാക്കണം. എന്തെന്നാൽ ധർമ്മാത്മാക്കളും ചതിവ്, വഞ്ചന, ദ്വേഷം മുതലായ ദോഷങ്ങളില്ലാത്തവരും, സർവ്വവിദ്യായുക്തരും, മഹായോഗികളും സർവ്വമനുഷ്യരുടേയും സുഖത്തിനായി സത്യോപദേശം ചെയ്യുന്നവരും ലേശംപോലും പക്ഷപാതമോ മിഥ്യാചാരമോ ഇല്ലാത്തവരുമാണ്. (എപ്രകാരമാണ് വേദങ്ങളുടെ പ്രാമാണ്യത്തെ സ്വീകരിക്കേണ്ടത്? മന്ത്രങ്ങളുടെയും ആയുർവ്വേദത്തിന്റേയും പ്രാമാണ്യത്തേപ്പോലെ എങ്ങനെയാണോ സത്യപദാർത്ഥവിദ്യയുടെ പ്രകാശനമായ മന്ത്രങ്ങൾ അവയുടെ മനനം സത്യമാകയാൽ പ്രമാണമായി കണക്കാക്കുന്നത് അതുപോലെ). അയുർവ്വേദ വൈദ്യശാസ്ത്രത്തിലെവിടേയെങ്കിലും പറഞ്ഞിട്ടുള്ള ഔഷധത്തിന്റെ പഥ്യചര്യയോടുകൂടിയ സേവനം മൂലം രോഗനിവാരണമുണ്ടായി സുഖമുണ്ടാവുമ്പോൾ മറ്റു ഭാഗങ്ങളുടേയും പ്രമാണമുണ്ടാകുന്നു. ഇപ്രകാരം വേദങ്ങളുടേയും പ്രമാണം അംഗീകരിക്കുകയാണ് എല്ലാവർക്കും ഉചിതമായിട്ടുള്ളത്. ഇതുപോലെ വേദങ്ങളിലൊരിടത്ത് പറയുന്ന അർത്ഥം പ്രത്യക്ഷീഭവിച്ചാൽ മറ്റു ഭാഗങ്ങളിലുള്ളവ പ്രത്യക്ഷീകരിച്ചില്ലെങ്കിലും അവയെ നിത്യപ്രമാണമായി കണക്കാക്കണം. എന്തെന്നാൽ ആപ്ത പുരുഷന്മാരുടെ ഉപദേശം മിഥ്യയാവില്ല.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം



ബ്രഹ്മാവിന്റെ ഉൽപ്പത്തിവരെ ദിവ്യസൃഷ്ടിയായിരുന്നു. തുടർന്ന് മൈഥുനീ സൃഷ്ടി ഉല്പന്നമായി അതിൽനിന്ന് വിരാട്, തുടർന്ന് മനു ഉണ്ടായി. ധർമ്മവ്യവസ്ഥയുണ്ടാക്കിയത് മനുവാണ്. മനുവിന് 10 പുത്രന്മാരുണ്ടായി. അവരിൽ സ്വായംഭുവ (മരീചി)ന്റെ സമയമായപ്പോഴേക്കും രാജ്യ-സാമൂഹ്യ വ്യവസ്ഥകൾ പ്രാരംഭത്തിൽവന്നു.

ഇക്ഷ്വാകു രാജകുലത്തിൽ ജനിച്ചതല്ല. അദ്ദേഹത്തെ രാജാവായി അഭിഷേകം ചെയ്തത് ജനങ്ങളായിരുന്നു. അക്കാലത്ത് എല്ലാവരും വൈദികവ്യവസ്ഥകൾക്കനുകൂലമായിരിക്കുന്നവരായിരുന്നു. ഭൃഗു തന്റെ സംഹിതയിൽ ഇക്കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. ശ്ലോകങ്ങളാൽ ഉണ്ടാക്കിയ ഗ്രന്ഥമാണിത്. വാല്മീകിയാണ് ശ്ലോകങ്ങളുണ്ടാക്കാൻ ആരംഭിച്ചത് എന്നു പറയുന്നത് എത്രകണ്ടു തെറ്റാണെന്ന് ഇതിൽനിന്നും വ്യക്തമാവും. മനുസ്മൃതിയുടെ 7, 8, 9 അദ്ധ്യായങ്ങളിൽ രാജ്യവ്യവസ്ഥ വർണ്ണിച്ചിരിക്കുന്നതു നോക്കിയാലും. രാജസഭയുടെ തലവനായിരുന്നു രാജാവ്. ഏതെങ്കിലും തരത്തിൽ തീരുമാനങ്ങൾ എടുക്കാൻ (ഏകപക്ഷീയമായി) രാജാവിന് അധികാരമുണ്ടായിരുന്നില്ല. രാജസഭയിൽ അദ്ധ്യക്ഷന്റെ അധികാരം കൊണ്ടുനടക്കുക മാത്രമായിരുന്നു രാജാവ്.

രാജ്യത്തിന്റെ വ്യവസ്ഥ. എങ്ങനെയായിരുന്നുവെന്ന് സംക്ഷിപ്തമായി ഇവിടെ പറയാം. ഗ്രാമം, മഹാഗ്രാമം, നഗരം, പുരം എന്നിങ്ങനെയുള്ള ദേശവിഭാഗങ്ങളുണ്ടായിരുന്നു. ഗ്രാമങ്ങളിൽ നൂറ് വീടുകളും മഹാഗ്രാമത്തിൽ ആയിരം വിടുകളും, നഗരത്തിൽ പതിനായിരവും പുരത്തിൻ ഇതിലധികവും വീടുകളുണ്ടായിരുന്നു. 10 ഗ്രാമങ്ങൾക്ക് 'ദശേശ' നെന്നും 100 ഗ്രാമങ്ങൾക്ക് 'സഹസ്രേശ'നെന്നും പേരുള്ള ഭരണാധികാരികൾ ഉണ്ടായിരുന്നു. 10000 ഗ്രാമങ്ങൾക്കധിപതിയായി മഹാസുശീലനും നീതിമാനുമായ ഒരധികാരിയുണ്ടായിരുന്നു. നല്ലവിദ്യാഭ്യാസവും പരിചയവുമുള്ള പുരുഷന്മാരേയും സ്ത്രീകളേയും ചാരന്മാരായി നിയോഗിച്ചിരുന്നു. ഭരണാധികാരികൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നിരീക്ഷിക്കുകയും മറ്റു രാജ്യങ്ങളിൽ ചെന്ന് വിവരശേഖരണം നടത്തുകയും ഇവരുടെ ജോലിയായിരുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

ഒന്നാം അംശത്തിൽ സർഗ്ഗലക്ഷണം അഥവാ സൃഷ്ടിയുടെ ഉൽപ്പത്തി വിവരണമാണ്. കാലത്തിന്റെ സ്വരൂപം ധ്രുവൻ, പ്രഹ്ളാദൻ എന്നിവരുടെ കഥ കൾ ഇതിൽ വരുന്നുണ്ട്. രണ്ടാം അംശത്തിൽ ഭൂഗോളത്തിന്റെ വിശദവിവരങ്ങൾ ഉണ്ട്. മൂന്നാം അംശത്തിൽ മന്വന്തരം. വേദത്രയി, ഗ്രഹ, നക്ഷത്ര, ജ്യോതിഷ വിഷയങ്ങളെ പരിചയപ്പെടുത്തുന്നു. ഗൃഹസ്ഥധർമ്മം, ശ്രാദ്ധകർമ്മം എന്നിവയുടെ വർണ്ണനയുമുണ്ട്. വിഭിന്ന രാജവംശങ്ങളുടെ വിവര ണമാണ് നാലാമംശത്തിൽ . സൂര്യവംശ-ചന്ദ്രവംശങ്ങളുടെ വിവരണമാണി തിൽ മുഖ്യം. അഞ്ചാം അംശത്തിലെ 38 അദ്ധ്യായങ്ങളിലും ഭാഗവതം ദശമ സ്കന്ധം പോലെ ശ്രീകൃഷ്ണന്റെ ലീലകളുടെ വർണ്ണനയാണ്. ആറാം അംശ ത്തിൽ എട്ടദ്ധ്യായങ്ങളാണുള്ളത്. ഇതിൽ കലിധർമ്മനിരൂപണം, പ്രളയനിരൂ പണം എന്നിവ കാണാം. വിഷ്ണുപുരാണത്തിന്റെ അവസാനത്തെ മൂന്നദ്ധ്യാ യത്തിൽ ഖാണ്ഡിക്യ ജനകന്റെയും കേശിദ്ധ്വജന്റേയും കഥകളിലൂടെ കർമ്മ മാർഗ്ഗം, അദ്ധ്യാത്മമാർഗം എന്നിവയുടെ സുന്ദരമായ തുലനാത്മക ചർച്ചയു ണ്ട്. വിഷ്ണുപുരാണം ഭാരതത്തെ കർമ്മഭൂമിയായി പ്രകീർത്തിക്കുന്നു. ഭാര തത്തെ സ്തുതിക്കുന്ന പലശ്ലോകങ്ങളും ഇതിലുണ്ട്.

ഉദാ:- **ഉത്തരം യത്സമുദ്രസ്യ ഹിമാദ്രേശ്ചൈവ ദക്ഷിണമ് |**
**വർഷം തദ്ഭാരതം നാമ ഭാരതീ യത്ര സന്തതിഃ ||**

**4. വായുപുരാണം**

ഇത് പ്രാചീനമായാണ് കണക്കാക്കപ്പെടുന്നത്. പരീക്ഷിത്തിന്റെ പുത്ര നായ ജനമേജയന്റെ പുത്രൻ ശതാനീകൻ, അദ്ദേഹത്തിന്റെ പുത്രൻ അശ്വ മേഘദത്തൻ. അദ്ദേഹത്തിന്റെ പുത്രനായ അധിസാമകൃഷ്ണൻ രാജ്യം ഭരിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഈ പുരാണം കുരുക്ഷേത്ര ത്തിൽ പ്രചാരത്തിൽവന്നു. മറ്റു പുരാണങ്ങളെല്ലാം രചിക്കപ്പെട്ടത് നൈമിഷാര ണ്യത്തിൽവെച്ചാണ് എന്നതാണ് ഈ പുരാണത്തിന്റെ സവിശേഷത. ബാണഭ ട്ടൻ തന്റെ കാദംബരിയിൽ ഈ പുരാണത്തെകുറിച്ച് പറയുന്നുണ്ട്. 112 അദ്ധ്യാ യങ്ങളും 11000 ശ്ലോകങ്ങളും 4 ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു ഈ പുരാ ണത്തിൽ. ഈ ഖണ്ഡങ്ങളെ പാദം എന്നു പറയാം.

**(തുടരും)**

*മാ സ്രേധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**
**തർജ്ജമ: കെ.എം.രാജൻ**

6. നരസിംഹത്തിന്റെ ശരീരം മനുഷ്യന്റേതും തല സിംഹത്തിന്റേതുമായിരുന്നു.

7. നിത്യവുമുദിച്ച് ദിവസത്തെ ഉണ്ടാക്കുന്ന ഭുവനഭാസ്കരനായ സൂര്യന് തപതി എന്ന പെൺകുട്ടിയുണ്ടായിരുന്നു. മഹാരാജാ പ്രദീപായിരുന്നു അവരെ വിവാഹം കഴിച്ചത്.

8. ഹിമാലയപർവ്വതത്തിലെ ഗംഗോത്രിയിൽ നിന്നുത്ഭവിച്ച് സമുദ്രത്തിൽ പതിക്കുന്ന ഭാഗീരഥിഗംഗയുടെ വിവാഹം ശന്തനുവുമായിട്ടായിരുന്നു. ദേവവ്രത ഭീഷ്മരുടെ അമ്മയാണിവർ.

9. ദുര്യോധനൻ ഭീമസേനന് വിഷം കലർത്തിയ മധുരപലഹാരങ്ങൾ നൽകിയതിന്റെ ഫലമായി ബോധം കെട്ടുപോയപ്പോൾ അദ്ദേഹത്തെ ഗംഗയിലേക്ക് ഒഴിക്കിവിട്ടു. ഭീമൻ ഒഴുക്കിൽപെട്ട് ദീർഘദൂരം പോയി. നാഗലോകത്തെത്തപ്പെട്ടു. ഭീമന്റെ ശരീരത്തിനടിയിൽപെട്ട് നാഗങ്ങൾ ചതഞ്ഞരഞ്ഞപ്പോൾ അവ അദ്ദേഹത്തെ കൊത്തി. നാഗങ്ങളുടെ വിഷമേറ്റതോടെ ഭീമനിലുണ്ടായിരുന്ന വിഷം താനെ ഇറങ്ങി. ബോധം തെളിഞ്ഞ ഭീമൻ തന്നെ കടിക്കുന്ന നാഗങ്ങളെയെല്ലാം ചവിട്ടി കൊല്ലാൻ തുടങ്ങി. നാഗങ്ങൾ കരഞ്ഞുകൊണ്ട് തങ്ങളുടെ രാജാവായ വാസുകിയുടെ അടുത്തെത്തി രക്ഷിക്കാനപേക്ഷിച്ചു. വാസുകിയും ആര്യകനും നാഗങ്ങളെ ചവിട്ടിമെതിച്ചുകൊണ്ടിരിക്കുന്ന ഭീമന്റെയടുത്തെത്തി. പൃഥ അഥവാ കുന്തിയുടെ പിതാവായ ശൂരസേനന്റെ അമ്മയുടെ അച്ഛനായിരുന്നു (മുത്തശ്ശൻ) ആര്യകൻ. തന്റെ പൗത്രന്റെ പൗത്രനാണ് ഈ ഭീമസേനൻ എന്നദ്ദേഹം തിരിച്ചറിഞ്ഞു. സർപ്പങ്ങളും മനുഷ്യരും തമ്മിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന വിവരണങ്ങൾ മഹാഭാരതത്തിൽ കാണുന്നുണ്ട്. ഗീതാപ്രസ്സ് ഗൊരഖ്പൂർ പ്രസിദ്ധീകരിച്ച മഹാഭാരതത്തിൽ സർപ്പങ്ങൾ ഭീമനെ അടിക്കുന്നതും ഭീമൻ അവയെ കൊല്ലുന്നതുമായ കളർ ചിത്രങ്ങൾ കൊടുത്തിട്ടുണ്ട്.

വാസുകി സർപ്പങ്ങളുടെ രാജാവാണ്. വാസുകിയുടെ സഹോദരിയെ ‘ജരൽക്കരു’ ഋഷിയാണ് വിവാഹം ചെയ്തത്. അവർക്ക് ആസ്തികൻ എന്ന ഒരു പുത്രനുണ്ടായി. ജനമേജയന്റെ സർപ്പ യജ്ഞത്തിൽ നിന്നും പാമ്പുകളെ രക്ഷിച്ചത് ഈ ആസ്തികനാണ്.

**(തുടരും)**

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരു മലയാളി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം – 5



**ര**ണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലം. ഹിറ്റ്ലറുടെ സംഹാര രുദ്രതാണ്ഡവം പോളണ്ട് കഴിഞ്ഞ് ഫ്രാൻസുവരെ എത്തിക്കഴിഞ്ഞിരുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം കൊടുങ്കാറ്റിൽ ആഞ്ഞുലഞ്ഞ് മുങ്ങാൻ പോകുന്ന കപ്പലുപോലെ ഉലയുകയാണ്. ഭാരതത്തിൽ ഭക്ഷ്യസാധനങ്ങൾക്കും മറ്റുള്ളവക്കുമെല്ലാം റേഷനേർപ്പെടുത്തിയിരുന്നു. ഹോട്ടലുകളിലെല്ലാം ഉച്ചക്ക് 12 മണിവരെയും വൈകുന്നേരം 7 മണിവരേയും മാത്രമേ ഭക്ഷണം കിട്ടിയിരുന്നുള്ളു. അതും ഒരു കപ്പ് ചോറും രണ്ടു ചപ്പാത്തിയും മാത്രം.

പാച്ചൻ ഊണു കഴിച്ച് പുറത്തേക്കുള്ള ഇടനാഴിയിൽ റോഡിലേക്കു കണ്ണുംനട്ടു നിൽക്കുകയാണ്. അതാ, ദൂരെ നിന്നൊരാൾ ഹോട്ടൽ ലക്ഷ്യമാക്കി ധൃതിയിൽ നടന്നുവരുന്നു. മുഷിഞ്ഞുലഞ്ഞൊരു ഗാന്ധിതൊപ്പിയും ഖദർജുബ്ബയും മുണ്ടുമാണ് വേഷം. എന്തൊക്കെയൊ കുത്തി നിറച്ച് ഗർഭിണിയുടെ ഉദരംപോലെ വീർത്തൊരു സഞ്ചിതോളിൽ തൂക്കിയിട്ടുണ്ട്. അയാൾ നേരെ ഹോട്ടലിലേക്കാണ് കയറിയത്. ഉയരം കുറഞ്ഞ ഇരുനിറത്തിലുള്ള ഒരു ചെറുപ്പക്കാരൻ. ഒരു മുപ്പതിനോടടുത്ത പ്രായം തോന്നിക്കും. പന്ത്രണ്ടിനോടടുത്തിരിക്കുന്നു സമയം. ഭക്ഷണസമയം കഴിയാറായോ എന്ന പരിഭ്രമത്തിലാണെന്നു തോന്നുന്നു കണ്ടാൽ. കാഴ്ചയിൽ ഒരു മലയാളിഛായയുണ്ട്.

“എന്താ, സമയം കഴിഞ്ഞോ? ഭക്ഷണംകിട്ടുമോ”? അയാളുടെ ഹിന്ദിയിലുള്ള ചോദ്യം പാച്ചന്റെ അനുമാനത്തെ സ്ഥിരീകരിച്ചു.

“കഴിഞ്ഞിട്ടുണ്ടാവില്ല, വരൂ, ഇരിക്കൂ. നിങ്ങളുടെ പേര്? എവിടുന്നാ ഇത്ര ധൃതിയിൽ”?

“ആർ.കെ.പരദേശി, ഇനി കുളിച്ചിട്ടു വന്നിട്ട് ബാക്കി കാര്യങ്ങൾ, കുളിമുറി? ദയവായി ഒന്നു കാണിക്കാമോ?” അയാൾ ധൃതിയിലായിരുന്നു.

(തുടരും)

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**ഇ**ത്തരം ഉന്നത ഉപലബ്ധികൾക്കുപുറമെ വേറെയും ചില ഫലങ്ങളുണ്ട്. അവയെ സംക്ഷിപ്തമായി പറയാം.

1. **മേധാബുദ്ധിയുടെ പ്രാപ്തി**. യോഗിക്ക് സത്യാസത്യ, ധർമ്മാധർമ്മ, കർത്തവ്യാകർത്തവ്യ, നിത്യാനിത്യ സുഖദുഃഖങ്ങളുടെ യഥാർത്ഥസ്വരൂപം അറിയാൻ കഴിയുന്ന ബുദ്ധിയുടെ പ്രാപ്തിയുണ്ടാവുന്നു.
2. **നല്ല സ്മരണശേഷി**: പഠിച്ചതും കേട്ടതും അനുഭവിച്ചതും ചിന്തിച്ചതുമായ വിഷയങ്ങളെ വളരെ പെട്ടെന്ന് ഓർക്കുന്നതിന് യോഗിക്ക് സാമർത്ഥ്യമുണ്ടാവുന്നു.
3. **ഏകാഗ്രതയുണ്ടാവുന്നു:-** യോഗി ഏതൊരു വിഷയത്തിലാണോ ചിത്തത്തെ ഏകാഗ്രമാക്കാൻ ആഗ്രഹിക്കുന്നത് ആ വിഷയത്തിൽ ചിത്തത്തെ ഉടൻ ഏകാഗ്രമാക്കാൻ സാധിക്കുന്നു.
4. **മനസ്സ് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ നിയന്ത്രണം**. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ് എന്നിവയിൽ യോഗിക്ക് പൂർണ്ണ നിയന്ത്രണമുണ്ടാവുന്നു. അവയെ അധർമ്മത്തിൽ നിന്നും മാറ്റി നിർത്തി ധർമ്മമാർഗ്ഗത്തിൽ ചരിപ്പിക്കാൻ സാമർത്ഥ്യമുണ്ടാവുന്നു. അപ്പോൾ അയാൾക്ക് ഒരു പ്രകാരത്തിലുമുള്ള ചിന്ത, ശോകം, പിരിമുറക്കം തുടങ്ങിയ അശാന്തതകൾ ഇല്ലാതാവുന്നു. രോഗം, വിയോഗം, അപമാനം, ഹാനി, വിശ്വാസവഞ്ചന, മരണം തുടങ്ങി വരാനിടയുള്ള ദുഃഖങ്ങളെ സരളതയോടെ അയാൾക്ക് സഹിക്കാനാവുന്നു.
5. കാമം, ക്രോധം, ലോഭം, അഹങ്കാരം തുടങ്ങിയ മോശം സംസ്കാരങ്ങൾ ഇല്ലാതായി യോഗിക്ക് ജിതേന്ദ്രിയത, കരുണ, ത്യാഗം, വിദ്യ, അഹങ്കാരമില്ലായ്മ തുടങ്ങിയ ശുഭ സംസ്കാരങ്ങൾ ആർജ്ജിക്കാനാവുന്നു.
6. **സകാമകർമ്മങ്ങളെ ഉപേക്ഷിച്ച് നിഷ്കാമ കർമ്മിയായിത്തീരുന്നു.**
   ഇവയുടെ പരിജ്ഞാനം നേടി ഓരോ വ്യക്തിയും യോഗിയാവാൻ പരിശ്രമിക്കണം. ഈശ്വരാജ്ഞയുടെ പാലനം ചെയ്ത് മറ്റുള്ളവരേയും യോഗിയാക്കാൻ ശ്രമിക്കണം.

### യോഗദർശനത്തിലെ നാലു വിശിഷ്ട വിഷയങ്ങൾ

യോഗദർശനത്തിൽ നാലു വിഷയങ്ങളെകുറിച്ച് പ്രധാനമായി പ്രതിപാദിച്ചിട്ടുണ്ട്. ഹേയം, ഹേയഹേതു, ഹാനം, ഹാനോപായം എന്നിവയാണവ.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



**ചോദ്യം 73:** യോഗാഭ്യാസം കൊണ്ട് ഒരു യോഗിക്ക് സ്വന്തം ആത്മാവിനെ മറ്റൊരു ശരീരത്തിലേക്ക് പ്രവേശിപ്പിക്കാനും തിരിച്ച് സ്വന്തം ശരീരത്തിൽ പ്രവേശിപ്പിക്കാനും സാധിക്കുമോ? ഏതെങ്കിലും യോഗിക്ക് പരകായ പ്രവേശം സാദ്ധ്യമാണോ?

**ഉത്തരം:** സ്വേഛ പ്രകാരം ആത്മാവിനെ ശരീരത്തിൽനിന്ന് വേർപെടുത്താം. പക്ഷെ അതിനുശേഷം തിരിച്ചു സ്വന്തം ഇഷ്ട പ്രകാരം ഏതെങ്കിലും ശരീരത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല. സ്വന്തം ഉപേക്ഷിക്കപ്പെട്ട ശരീരത്തിലും തിരിച്ചു പ്രവേശിക്കാൻ സാധ്യമല്ല. ആത്മാവ് വേർപെട്ടുകഴിഞ്ഞാൽ പ്രേത (ഭൂതം) മായിത്തീരുന്നു. യോഗിയാകട്ടെ, മഹായോഗിയാവട്ടെ സ്വന്തം ആത്മാവിനെ ആർക്കും സ്വേച്ഛയാ ഒരു ശരീരത്തിലും പ്രവേശിപ്പിക്കാൻ സാദ്ധ്യമല്ല. ശരീരം ഉപേക്ഷിക്കപ്പെട്ടാലുടൻ ആത്മാവ് പരമാത്മാവിന്റെ വ്യവസ്ഥാധീനത്തിലായിത്തീരുന്നു.

ഈശ്വരന് സ്വകൃതങ്ങളായ നിയമങ്ങളെ ഖണ്ഡിക്കുന്നതിനോ പരിവർത്തനം ചെയ്യുന്നതിനോ സാധ്യമല്ല. സർവ്വജ്ഞനായ അദ്ദേഹം എന്തിന് താൻ ഉണ്ടാക്കിയ നിയമങ്ങളെ പരിവർത്തനം ചെയ്യണം? ഒരിക്കൽ മരിച്ചാൽ പിന്നെ ജീവിക്കില്ല എന്നത് പ്രത്യക്ഷ പ്രമാണമാണ്. അതായത് ആത്മാവ് ശരീരം വിട്ട് പോയാൽ തിരിച്ച് ആ ശരീരത്തിൽ പ്രവേശിക്കുകയില്ല. ഇന്നേവരെ മരിച്ചുപോയ ആരെങ്കിലും തിരിച്ചുവന്നതിന് യാതൊരു തെളിവുമില്ല. മരിച്ചവർ ഒരിക്കലും തിരിച്ചുവരില്ല.

ഈശ്വരസാക്ഷാത്ക്കാരമാണ് യോഗയുടെ സർവ്വോത്തമ സിദ്ധി. അതായത് ജീവിച്ചിരിക്കേ തന്നെ പരമാത്മാവിന്റെ ആനന്ദത്തെ പ്രാപ്തമാക്കുക.

ആത്മാവിന്റെ പരകായ പ്രവേശനം ഈശ്വരനിശ്ചയപ്രകാരം മാത്രമാണ് സംഭവിയ്ക്കുന്നത്. മറ്റുള്ളവരുടെ മനസ്സുവായിക്കാൻ കഴിയുക എന്നുള്ളത് പരകായപ്രവേശമല്ല. ഇത് തെറ്റായ ധാരണയാണ്. യോഗാഭ്യാസം കൊണ്ട് പലതരത്തിലുള്ള സിദ്ധികളും സാദ്ധ്യമാണ്. എന്നാൽ ഒരാൾ എത്ര തന്നെ പരിശ്രമിച്ചാലും ഏതെങ്കിലും ആത്മാവിനെ ഏതെങ്കിലും ശരീരത്തിൽ പ്രവേശിപ്പിക്കാനാവില്ല.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**മ**റ്റുള്ളവർക്ക് വെറുപ്പുതോന്നത്തക്ക രീതിയിൽ ഇരിക്കുകയോ നിൽക്കുകയോ ചെയ്യരുത്. സർവ്വഹിതത്തിൽ ശ്രദ്ധയൂന്നണം. ഏതൊന്നാലാണോ സത്യത്തിന്റെ വൃദ്ധിയും അസത്യത്തിന്റെ നാശവുമുണ്ടാവുന്നത് അവ ചെയ്യണം. സജ്ജന സംസർഗ്ഗവും ദുഷ്ടൻമാരുമായി അകന്നുനിൽക്കുകയും വേണം. ചെയ്യുന്ന പ്രതിജ്ഞകൾ അവ സത്യവിരുദ്ധമാവാതിരിക്കുകയും അവയെ എല്ലായ്പ്പോഴും പാലിക്കുകയും വേണം. ഇത്തരം കർമ്മങ്ങളാണ് സഭകളിൽ ചെയ്യേണ്ടത്.

**ചോദ്യം: ജഡബുദ്ധി, തീവ്രബുദ്ധി എന്നിങ്ങനെ പറയുന്നതെന്താണ്?**

**ഉത്തരം:** സ്വയം മനസ്സിലാക്കാൻ പറ്റാത്തതും മറ്റുള്ളവർ പറഞ്ഞുതന്നാലും മനസ്സിലാക്കാനാവാത്തതും ജഡബുദ്ധി (മന്ദബുദ്ധി) എന്നു പറയുന്നു. മനസ്സിലാക്കി കൊടുത്താൽ ഉടനടി ഉൾക്കൊള്ളുന്നതും കുറച്ചു പറഞ്ഞുകൊടുത്താൽത്തന്നെ വളരെയധികം ഗ്രഹിക്കുകയും ചെയ്യുന്നത് തീവ്രബുദ്ധിയാണ്.

മഹാമന്തനും പണ്ഡിതനുമായവരുടെ ഉദാഹരണം കേട്ടാലും

## മഹാമന്തനും പണ്ഡിതനും

രാമദാസവൈരാഗിയുടെ ഒരു അനുയായിയായ ഭൂപാലദാസൻ മന്ത്രം ചൊല്ലികൊണ്ട് കിണറ്റിൽനിന്ന് വെള്ളം കോരുകയായിരുന്നു. അവിടെ ഒരു പണ്ഡിതൻ ഇരിപ്പുണ്ടായിരുന്നു. ഇയാളുടെ അശുദ്ധമായ മന്ത്രം ചൊല്ലൽകേട്ട പണ്ഡിതൻ ഇങ്ങനെ പറഞ്ഞു. “നീ ചൊല്ലുന്ന സ്ത്രീ ഗനേസായ നമഃ എന്നത് തെറ്റാണ്. ശ്രീ ഗണേശായ നമഃ എന്നാണ് ചൊല്ലേണ്ടത്. അപ്പോൾ ഭൂപാലദാസൻ പറഞ്ഞു. “എന്റെ ആചാര്യൻ വലിയ പണ്ഡിതനാണ്. അദ്ദേഹം എങ്ങനെയാണോ എനിക്ക് പറഞ്ഞുതന്നത് അങ്ങനേയേ ഞാൻ ജപിക്കൂ.”അയാൾ വെള്ളവുമായി ആചാര്യന്റെ അടുത്തെത്തി പറഞ്ഞു “ആചാര്യജി! ഒരു ബമ്മൻ (ബ്രാഹ്മണൻ) ഞാൻ ചൊല്ലുന്ന മന്ത്രം അശുദ്ധമാണെന്നു പറഞ്ഞു” ആചാര്യൻ ഉടൻതന്നെ ആ ബ്രാഹ്മണനെ പിടിച്ചുകൊണ്ടുവരാൻ അനുയായികളോട് പറഞ്ഞു. തന്റെ ശിഷ്യന്റെ മന്ത്രപാഠം തെറ്റാണെന്നയാൾ എങ്ങനെ പറഞ്ഞു? ശുദ്ധമായ പാഠത്തെ അയാളെങ്ങനെ അശുദ്ധമെന്നു പറഞ്ഞു?

അനുചരന്മാർ ആ ബ്രാഹ്മണപണ്ഡിതനെ കൂട്ടുകൊണ്ടുവന്ന് ആചാര്യനുമുമ്പിൽ ഹാജരാക്കി.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2 വേദവും ശുദ്രനും

സ്വാദ്ധ്യായം, ജപം, വിവിധ ഹോമാനുഷ്ഠാനുഷ്ഠാനങ്ങൾ, സമ്പൂർണ്ണവേദങ്ങളുടെ പഠനവും പാഠനവും, ഇഷ്ടി തുടങ്ങിയ യജ്ഞങ്ങൾ ചെയ്യുക, ധർമ്മത്താൽ സന്താനോൽപ്പത്തി, മന്ത്രം, മഹായജ്ഞം, അഗ്നിഹോത്രാദിയജ്ഞങ്ങൾ, പണ്ഡിതന്മാരുടെ സൽസംഗം, സൽക്കാരം, സത്യഭാഷണം, പരോപകാരം തുടങ്ങിയ സൽക്കർമ്മങ്ങൾ, ദുഷ്ടാചാരങ്ങൾ കളഞ്ഞ് ശ്രേഷ്ഠാചാരങ്ങളിൽ വർത്തിക്കുക എന്നിവയാൽ ബ്രാഹ്മണന്റെ ശരീരമുണ്ടാവുന്നു. രജവീര്യത്തിലൂടെയുള്ള വർണ്ണവ്യവസ്ഥയെ മാനിക്കുന്നവർ ചിന്തിക്കണം ശ്രേഷ്ഠൻമാരുടെ മക്കൾ ദുഷ്ടന്മാരും ശ്രേഷ്ഠപുത്രന്റെ പിതാവ് ദുഷ്ടനും ചിലപ്പോൾ രണ്ടുപേരും ശ്രേഷ്ഠന്മാരും മറ്റു ചിലപ്പോൾ ഇരുവരും ദുഷ്ഠന്മാരുമാവുന്നത് കാണുന്നു എന്ന്.

ഗുണകർമ്മസ്വഭാവത്തോട് കൂടിയ വർണ്ണവ്യവസ്ഥയെ അംഗീകരിക്കാത്തവരോട് ചോദിക്കണം "ആരെങ്കിലും തന്റെ വർണ്ണം ഉപേക്ഷിച്ച് താഴെക്കിടയിലുള്ളവരായോ ക്രിസ്ത്യൻ, മുസ്ലീം വിഭാഗക്കാരായോ മാറിയാൽ അവരെ ബ്രാഹ്മണർ എന്ന് എന്തുകൊണ്ട് പറയുന്നില്ല?" അപ്പോൾ ഇവർ പറയും "ബ്രാഹ്മണരുടെ കർമ്മം ഉപേക്ഷിച്ചുവെന്ന്. അതിനാലവർ ബ്രാഹ്മണല്ലോ എന്ന്. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് ആരാണോ ബ്രാഹ്മണരെപോലെ ഉത്തമകർമ്മങ്ങൾ ചെയ്യുന്നത്. അവരെ ബ്രാഹ്മണരെന്നും താഴ്ന്നവരിലും ഉത്തമഗുണവർണ്ണ സ്വഭാവമുണ്ടെങ്കിൽ അവരെ ഉത്തമവർണ്ണരെന്നും അതിലും താഴ്ന്ന കർമ്മങ്ങൾ ചെയ്യുന്നവരെ താഴ്ന്ന വർണ്ണങ്ങളിലും ഗണിക്കും.

സത്യാർത്ഥ പ്രകാശത്തിൽ മഹർഷി ദയാനന്ദൻ പറയുന്നു "ശ്രേഷ്ഠന്മാരുടെ പേര് ആര്യൻ, വിദ്വാൻ, ദേവൻ എന്നിങ്ങനേയും ദുഷ്ടന്മാരുടേത് ദസ്യു അഥവാ കൊള്ളക്കാരൻ, വിഢ്ഢി എന്നിങ്ങനെയുമായതിനാൽ ആര്യൻ, ദസ്യു എന്നിങ്ങനെ രണ്ടു നാമങ്ങളുണ്ട്. ആര്യന്മാരിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലുഭേദങ്ങളുണ്ട്. മനുസ്മൃതി അനുസരിച്ച് ശൂദ്രകുലത്തിൽ ജനിച്ചവരിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ ഗുണകർമ്മസ്വഭാവങ്ങളുണ്ടെങ്കിൽ ആ ശൂദ്രർ യഥാക്രമം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നിങ്ങനെയായിത്തീരും. അതേപോലെതന്നെ ക്ഷത്രിയ-വൈശ്യകുലങ്ങളിൽ ജനിച്ചവർ ബ്രാഹ്മണൻ, ശൂദ്രൻ എന്നിവർക്കു സമാനമായ ഗുണങ്ങളുള്ളവരാണെങ്കിൽ അവർ ബ്രാഹ്മണരും ശൂദ്രരുമാവും.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ലേ**ഖ്റാമിനെ ഉടൻ വിളിച്ചുവരുത്താനുണ്ടായ കാരണം സ്വാമി ശ്രദ്ധാനന്ദനദ്ദേഹത്തോട് പറഞ്ഞു. 'ധർമ്മശാല പർവ്വതത്തിൽ ആര്യസമാജത്തിന്റെ വാർഷികോത്സവമാണ്. അതേ സമയത്തു തന്നെ കോളേജ് പാർട്ടിയും ഉത്സവം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ പക്കൽ വലിയ പണ്ഡിതരും മറ്റുമുണ്ട്. നമ്മുടെ ഭാഗത്ത് നിന്ന് പണ്ഡിറ്റ് കൃപാരാംജി മാത്രമേയുള്ളു. അവിടെ പണ്ഡിറ്റ് ലേഖ്റാമിന്റെ ആവശ്യമുണ്ട്. ആഗസ്റ്റ് 29 നാണ് ലേഖ്റാം സ്വാമി ശ്രദ്ധാനന്ദന്റെ അടുക്കലെത്തിയത്. അഗസ്റ്റ് 31ന് ധർമ്മശാലയിൽ നഗരകീർത്തനവും ശോഭായാത്രയും നിശ്ചയിച്ചിരുന്നു. അടുത്തദിവസം കാലത്തുതന്നെ പോയാൽ ധർമ്മശാല ആര്യസമാജാംഗങ്ങൾക്ക് സമാധാനമുണ്ടാവും.

സ്വാമി ശ്രദ്ധാനന്ദന്റെ വാക്കുകൾ കേട്ട് പണ്ഡിറ്റ് ലേഖാറാം ഇങ്ങനെ പറഞ്ഞു. ''തുടർച്ചയായുള്ള യാത്രകൾ കാരണം എന്റെ വസ്ത്രങ്ങൾ മുഴുവൻ അഴുക്കായി കിടക്കുകയാണ്. വസ്ത്രം കഴുകിയുണക്കാൻ കഴിഞ്ഞിട്ടില്ല. മിനിഞ്ഞാന്ന് മുതൽ എനിക്ക് പനിയും ജലദോഷവുമുണ്ട്. ഞാനിപ്പോഴങ്ങോട്ടുപോകാനുള്ള അവസ്ഥയിലാണോ എന്ന് പറഞ്ഞാലും." സ്വാമിജിയുടെ കണ്ണുകളിൽനിന്നും അശ്രു ധാരയായൊഴുകി. "പണ്ഡിറ്റ്ജി! താങ്കൾ ഇപ്പോൾ വിശ്രമിച്ചാലും. ധർമ്മശാലയിലേക്ക് പോകുന്ന കാര്യം ഉപേക്ഷിച്ചാലും. അവിടേക്ക് വേണ്ട വ്യവസ്ഥകൾ ചെയ്യാം". ഇത്രയും പറഞ്ഞ് സ്വാമിജി ലേഖ്റാമിന് വിശ്രമിക്കാനുള്ള മുറികാണിച്ചുകൊടുത്തു. പുറത്ത് കനത്തമഴ പെയ്യുകയായിരുന്നു അപ്പോൾ. തുണി ഉണക്കാനായി വിറക് കത്തിച്ച് ചൂട് ഉണ്ടാക്കികൊടുത്തു. സ്വാമി ശ്രദ്ധാനന്ദൻ ഇങ്ങനെയെഴുതുന്നു ''പണ്ഡിറ്റ് ലേഖ്റാമിന് ഭക്ഷണം നൽകിയ ശേഷം ഞാനെന്റെ ജോലികളിൽ വ്യാപൃതനായി. അന്നു രാത്രി അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞില്ല. അടുത്തദിവസം കാലത്ത് കോടതിയിൽ പോകാനോയി തയ്യാറെടുത്തു നിൽക്കുമ്പോൾ പണ്ഡിറ്റ് ലേഖ്റാം തുണികൾ നിറച്ച സഞ്ചി പുറത്തുവെച്ച് എന്നെ വിളിച്ചു. ഞാൻ പുറത്തുവന്നപ്പോൾ കണ്ടത് പൈജാമയും കോട്ടും പഗഡിയും ധരിച്ച് പെട്ടിയും പിടിച്ച് ആര്യപഥികൻ യാത്രക്ക് തയ്യാറായി നിൽക്കുന്നു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

കവിത

# ആത്മാർപ്പണം

സചേതനാചേതനമിപ്രപഞ്ചം
സർവ്വം വിളക്കുന്ന കെടാവിളക്കേ
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ തൊഴുന്നേൻ.

തെളിക്കയെൻ കണ്ണുകൾ കൂരിരുട്ടും
തിക്കുന്ന മഞ്ഞും ഭഗവൻ തുടയ്ക്ക
വിളിക്കയമ്പാർന്നവിടുത്തെ മുൻപിൽ
വിരഞ്ഞു തപ്പിത്തടയുന്നൊരെന്നെ.

അല്ലെങ്കിലിക്കാടുകൾ വെട്ടിനീക്കി-
യകത്തെഴുന്നള്ളുകയെൻ കുടിഞ്ഞിൽ
അരക്ഷണം വിശ്രമമഞ്ചമാക്കി-
യങ്ങെന്റെ "ആത്മാർപ്പണ"മേറ്റുകൊൾക.

മഹാവനം നിൻ മലർവാടിയാക,
മുള്ളൊക്കെയും നൻമുകുളങ്ങളാക,
മഹേശ, നിൻ സന്നിധികൊണ്ടു ദുഷ്ട-
മൃഗങ്ങളും ഗായകദേവരാക.

സർവ്വം മറന്നിന്നൊരു പാറ്റപോൽ നിൻ-
സംസർഗ്ഗനിർവാണരസത്തിൽ മുങ്ങാൻ
കാമിപ്പൂ ഞാനീശ്വര, കാൽക്ഷണം നീ
കാണിക്കയമ്പാർന്ന മുഖാരവിന്ദം

**(കുമാരനാശാൻ, മണിമാല)**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/07/2018

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

# ദയാനന്ദ സന്ദേശം വൈദിക മാസിക

## സത്യ – സനാതന – വൈദികധർമ്മ സന്ദേശം!

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!**

**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 100/– ദീർഘകാലം ₹ 1500/–.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**

**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

Email: dayanandasandesam@gmail.com

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**

**Bank Account No: 4264000100072426, IFSC Code : PUNB 0426400**

**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*